"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം - ജീവനക്കാര്യം – നിലവിൽ ഒഴിവുള്ള ബഞ്ച് ക്ലർക്ക് തസ്തികയിൽ വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ടിൽ സീനിയർ ക്ലർക്കായ ശ്രീ. സന്തോഷ് സി.ജി.യെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1855/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/08/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധ നം. സർക്കുലർ

2 26.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin

3 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 08/07/2019 ലെ A1.364/TLSGIs/2019 നം. കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ ഒഴിവുള്ള ബഞ്ച് ക്ലർക്ക് തസ്തികയിൽ വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ടിൽ സീനിയർ ക്ലർക്കായ ശ്രീ. സന്തോഷ് സി.ജി.യെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രൈബ്യൂണൽ സെക്രട്ടറിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ബഞ്ച് ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ടിൽ സീനിയർ ക്ലർക്കായ ശ്രീ. സന്തോഷ് സി.ജി.യെ കേരള സർവ്വീസ് റൂൾ ഭാഗം - 1 ചട്ടം 140(c) പ്രകാരമുള്ള വ്യവസ്ഥകൾക്കും, മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായി അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി മുഖാന്തിരം)

രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ.), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ